(സി) ഈ ആശുപത്രിയിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഓപ്പറേഷൻ തിയേറ്ററുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) മൂന്ന്.

(ബി) രണ്ടെണ്ണം 1952-ലും ഒരെണ്ണം 2003-ലും.

(സി) പഴയ രണ്ട് മേജർ ഓപ്പറേഷൻ തീയേറ്ററുകളും ഏകദേശം 70 ലക്ഷം രൂപയോളം മുടക്കി ശീതീകരിക്കുകയും ആധുനികവല്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ നവീകരിക്കുന്നതിനുള്ള നടപടികളും പൂർത്തിയായി വരുന്നു.

വെന്റിലേറ്റർ ലഭിക്കാത്തതുമൂലം മരണപ്പെട്ട രോഗികളും അതുമായി ബന്ധപ്പെട്ട കേസുകളും

133 [2625] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വെന്റിലേറ്റർ ലഭിക്കാത്തതുമൂലം രോഗികൾ മരണപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര രോഗികളാണ് ഇങ്ങനെ മരണപ്പെട്ടതെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് വകുപ്പുതലത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഇ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വെന്റിലേറ്റർ ലഭിക്കാതെ രോഗികൾ മരണപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ആരെങ്കിലും കേസ് ഫയൽ ചെയ്തിട്ടുണ്ടോ;

(എഫ്) എങ്കിൽ ആരാണ് കേസ് ഫയൽ ചെയ്തത്;

(ജി) പ്രസ്തുത കേസിലെ വിധി എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(എച്ച്) പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ—ഡി) ഇതു സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പരാതികളെക്കുറിച്ച് അന്വേഷിക്കുന്നതിനായി ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. എം. എൻ. ഗുണവർദ്ധനൻ, ഐ.എ.എസ്-നെ 15-11-2003-ലെ സർക്കാർ ഉത്തരവ് (സാ.)നം. 3271/03/ആകുവ. പ്രകാരം നിയമിക്കുകയുണ്ടായി. അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ പ്രധാനമായും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വെന്റിലേറ്ററുകളുടെ അഭാവം ഉണ്ടെന്നും അത് ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഉപയോഗത്തിനായി 8 വെന്റിലേറ്ററുകൾ വാങ്ങിക്കഴിഞ്ഞു. കൂടാതെ രണ്ട് വെന്റിലേറ്ററുകൾ കൂടി വാങ്ങാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ ആന്റ് എഫ്) ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ശ്രീ. പി. കെ. രാജു, ശ്രീ. കെ. പി. ഗോപകുമാർ എന്നിവർ ചേർന്ന് W.P.(C) 36357/2003 നമ്പരിൽ കേസ് ഫയൽ ചെയ്തിരുന്നു.

(ജി ആന്റ് എച്ച്) പരാതി സംബന്ധിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് പ്രത്യേക കാരണങ്ങൾ ഒന്നും കാണാത്തതിനാൽ കോടതി കേസ് ഡിസ്പോസ് ചെയ്യുന്നു എന്നാണ് കേസിലെ വിധി.

കേരളത്തിലെ മെഡിക്കൽ കോളേജ് ആശുപത്രികളുടെ ദൈനംദിന ഭരണവും പ്രതിസന്ധി നിർവ്വഹണ ചുമതലയും

134 [2626] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മെഡിക്കൽ കോളേജ് ആശുപത്രികളുടെ ദൈനംദിന ഭരണവും പ്രതിസന്ധി നിർവ്വഹണ ചുമതലയും ആർക്കാണെന്ന് അറിയിക്കാമോ;

(ബി) പ്രധാന ജില്ല/സംസ്ഥാന ആശുപത്രികളിലെ സാമ്പത്തിക ഇടപാടുകളിൽ സുതാര്യതയും കൃത്യതയും ഉറപ്പാക്കാൻ നിലവിലുള്ള സംവിധാനമെന്താണെന്ന് അറിയിക്കാമോ;

(സി) ഭരണ നിർവഹണച്ചുമതലകൾ ഏറ്റെടുക്കുന്ന ആശുപത്രി ഉദ്യോഗസ്ഥർക്ക് പ്രത്യേകമായ വിദ്യാഭ്യാസയോഗ്യത നിഷ്കർഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) ജില്ലാ/സംസ്ഥാനതല ആശുപത്രികളുടെ ഭരണച്ചുമതല കൂടുതൽ കാര്യക്ഷമതയോടെ നിറവേറ്റപ്പെടാൻ സംവിധാനം ഉണ്ടാകുമോ;

(ഇ) മെഡിക്കൽ കോളേജ് ആശുപത്രികളിലെ എച്ച്.ഡി.എസ്. ചെയർമാൻ, സെക്രട്ടറി എന്നീ പദവികളിലേക്ക് ആരോഗ്യ വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർക്ക് ചുമതല നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly